## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **14-10-2024 - ൽ മറുപടിയ്ക്ക്**

### കുട്ടനാട്ടിലെ നെല്ല് സംഭരണ വില യഥാസമയം നൽകുന്നതിനു നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ നെല്ല് സംഭരണ വില യഥാസമയം നൽകുന്നതിനായി എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള നോഡൽ ഏജൻസിയാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ). ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില ബാങ്കുകളിൽ നിന്നും പി.ആർ.എസ് വായ്പയിലൂടെ സപ്ലൈകോ കർഷകർക്ക് നൽകി വരുന്നു. 2023-24 സംഭരണ വർഷത്തിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായി നൽകി കഴിഞ്ഞിട്ടുണ്ട്. 2024-25 സീസണിൽ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില കർഷകരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാ പദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കർഷകന് സമയബന്ധിതമായും പൂർണ്ണമായും നെല്ല് സംഭരണ വില നൽകുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശാനുസരണമാണ് പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം സപ്ലൈകോ കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. പി. ആർ.എസ്. പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ നിന്നും കർഷകർക്ക് തുക കിട്ടുന്നതിൽ പ്രയാസം ഉണ്ടാകുന്നപക്ഷം യഥാസമയം ആയതിൽ ഇടപെട്ട് പരിഹരിച്ചു വരുന്നു. |
| (ബി) | കുട്ടനാട്ടിൽ ഉല്പാദിപ്പിക്കുന്ന നെല്ല് അവിടെത്തന്നെ സംസ്കരിക്കുന്നതിനും അപ്പർ കുട്ടനാട്ടിൽ ഉൾപ്പെടെ കൂടുതൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ബി) | 2024-25 വർഷത്തിൽ ഒന്നാംവിളയുമായി ബന്ധപ്പെട്ട് സംഭരിച്ച നെല്ല് സംസ്കരിക്കുന്നതിനായി 42 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് സപ്ലൈകോ മുഖേന നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ